ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 19.08.2024** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ നേപ്പാൾ വിദേശകാര്യമന്ത്രിയുമായി ഇന്ന് ന്യൂഡൽഹിയിൽ ചർച്ച നടത്തും.

   **External Affairs Minister S Jaishankar will hold talks with his Nepalese counterpart Arzu Rana Deuba in New Delhi today.**

2. ഇന്ത്യ - ജപ്പാൻ 2+2 വിദേശ - പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൻറെ മൂന്നാം ഘട്ടം നാളെ.

   **The third phase of the India-Japan 2+2 Foreign and Defence Ministers' meeting will be held tomorrow.**

3. കൊൽക്കത്തയിൽ വനിത ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധം തുടരുന്നു. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്ക് സാധ്യമായതെല്ലാം ചെയ്യുമെന്ന് പശ്ചിമ ബംഗാൾ ഗവർണർ.

   **The resident doctors and medical students continued their protest today against the alleged rape and murder of a doctor in Kolkata. West Bengal Governor says he will do everything possible for the safety of health workers.**

4. വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ കടബാധ്യത എഴുതിത്തള്ളണമെന്ന് ബാങ്കുകളോട് മുഖ്യമന്ത്രി

പിണറായി വിജയൻ. ചാലിയാർ പുഴയുടെ തീരത്ത് ഇന്നും തെരച്ചിൽ തുടരും.

**Chief Minister Pinarayi Vijayan asked the banks to wave off the loans of the Wayanad landslide victims. The search operation will continue on the banks of Chaliyar river.**

5. ജമ്മു കശ്മീരിൽ ആദ്യ ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം നാളെ പുറപ്പെടുവിക്കും.

**The notification for the first phase of the general elections to the Legislative Assembly of Jammu and Kashmir will be issued tomorrow.**

&&&&&&&&&&&&&&&&

## NEPAL FM-VISIT

വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ നേപ്പാൾ വിദേശകാര്യമന്ത്രി അർസു റാണ ദേവുബയുമായി ഇന്ന് ന്യൂഡൽഹിയിൽ ചർച്ച നടത്തും. അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ദേവൂബ ഇന്നലെയാണ് ഡൽഹിയിലെത്തിയത്. **'അയല്പക്കം ആദ്യം'** എന്ന നയത്തിൽ ഇന്ത്യയുടെ പ്രധാന പങ്കാളിയാണ് നേപ്പാളെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഉഭയകക്ഷി സഹകരണത്തിലെ പുരോഗതി ചർച്ച ചെയ്യാനും അവലോകനം ചെയ്യാനും ഈ സന്ദർശനം ഇരുപക്ഷത്തിനും അവസരം നൽകുമെന്നും ബന്ധം മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ സഹായിക്കുമെന്നും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## INDIA-JAPAN 2+2

ഇന്ത്യ - ജപ്പാൻ 2+2 വിദേശ - പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൻറെ മൂന്നാം ഘട്ട കൂടിക്കാഴ്ച, നാളെ ഡൽഹിയിൽ നടക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും വിദേശകാര്യ മന്ത്രി എസ് ജയ് ശങ്കറും ഇന്ത്യയെ പ്രതിനിധീകരിക്കും.

&&&&&&&&&&&&&&&&&&&&&&&&

## VP - ZIMBABWE

നാളെ നടക്കുന്ന 19-ാമത് സിഐഐ ഇന്ത്യ-ആഫ്രിക്ക വ്യാപാര കോൺക്ലേവിൽ പങ്കെടുക്കാൻ സിംബാബ്‌വെ വൈസ് പ്രസിഡൻ്റ് കോൺസ്റ്റൻ്റിനോ ഗുവേയ ഡൊമിനിക് നികഡ്സിനോ ചിവെംഗ ന്യൂഡൽഹിയിൽ എത്തി. കോൺക്ലേവിലെ അദ്ദേഹത്തിൻ്റെ സാന്നിധ്യം ഇന്ത്യ- സിംബാബ്‌വെ ബന്ധം ഊട്ടിയുറപ്പിക്കുന്നതായിരിക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## ASWINI VAISHANAV

ഉദ്യോഗസ്ഥ തലത്തിൽ സമാന്തര നിയമനം എന്നത് കോൺഗ്രസ് നേതൃത്വത്തിലുള്ള യു പി എ സർക്കാർ മുന്നോട്ട് വെച്ച ആശയമായിരുന്നുവെന്ന് കേന്ദ്ര വാർത്താ വിതരണപ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ്. അടുത്തിടെ, കേന്ദ്ര മന്ത്രാലയങ്ങളിൽ 45 ജോയിന്റ് സെക്രട്ടറിമാരെയും ഡയറക്ടർമാരെയും ഡെപ്യൂട്ടി സെക്രട്ടറിമാരെയും നിയമിക്കാൻ യു പി എസ് സി വഴി പരസ്യം നൽകിയതിനെ പ്രതിപക്ഷ പാർട്ടികൾ

വിമർശിച്ചിരുന്നു. 2005-ൽ കോൺഗ്രസ് നേതാവ് വീരപ്പമൊയ്‌ലി അധ്യക്ഷനായ രണ്ടാമത്തെ ഭരണപരിഷ്കാര കമ്മീഷൻ വിദഗ്ധ പരിജ്ഞാനം ആവശ്യമുള്ള ഒഴിവുകൾ നികത്താൻ ഇത്തരം നിയമനം ശുപാർശ ചെയ്തിട്ടുണ്ടെന്നും ശ്രീ അശ്വിനി വൈഷ്ണവ് സമൂഹ മാധ്യമത്തിൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&

## DAY SITHARAMAN – REVIEW MEET

പൊതുമേഖലാ ബാങ്കുകളുടെ പ്രകടനം വിലയിരുത്തുന്നതിനായി നടത്തുന്ന അവലോകനയോഗത്തിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ അധ്യക്ഷത വഹിക്കുന്നു. നിക്ഷേപ വളർച്ച, വായ്പാ - നിക്ഷേപ അനുപാതം, ആസ്തി ഗുണനിലവാരം എന്നിവയും യോഗത്തിൽ, അവലോകനം ചെയ്യും. പിഎം ആവാസ് യോജന, പിഎം സൂര്യ ഘർ, പിഎം വിശ്വകർമ്മ പദ്ധതികൾ തുടങ്ങിയ സർക്കാർ സംരംഭങ്ങൾക്ക് കീഴിലുള്ള പൊതുമേഖലാ ബാങ്കുകളുടെ പ്രകടനവും വിലയിരുത്തും. മൂന്നാം നരേന്ദ്ര മോദി സർക്കാരിന്റെ ആദ്യ ബജറ്റിന് ശേഷമുള്ള ആദ്യ അവലോകന യോഗമാണിത്. പ്രാദേശിക ഗ്രാമീണ ബാങ്കുകളുടെ പ്രവർത്തനവും കേന്ദ്ര ധനമന്ത്രി വൈകുന്നേരം അവലോകനം ചെയ്യും.

&&&&&&&&&&&&&&&&&&&&&&&&

## MONKEY POX (INTRO)

ആഗോളതലത്തിൽ കുരങ്ങുപനി വ്യാപിക്കുന്ന സാഹചര്യത്തിൽ നിരീക്ഷണം വർദ്ധിപ്പിക്കാനും പ്രതിരോധ നടപടികൾ സ്വീകരിക്കാനും സംസ്ഥാനങ്ങൾക്ക് കേന്ദ്ര നിർദ്ദേശം. സ്ഥിതിഗതികൾ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ

സെക്രട്ടറി പി.കെ.മിശ്രയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം വിലയിരുത്തി. **വിശദാംശങ്ങളിലേക്ക്......**

(വോയിസ്)

## MONKEY POX (VOICE)

കുരങ്ങുപനിയുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ പ്രധാനമന്ത്രി നരേന്ദ്രമോദി നിരന്തരം നിരീക്ഷിച്ചു വരികയാണെന്ന് ഉന്നത തല യോഗത്തിൽ ശ്രീ പി.കെ.മിശ്ര പറഞ്ഞു. രോഗനിർണയത്തിനായി നിലവിൽ 32 ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. കുരങ്ങുപനി സംബന്ധിച്ച പുതിയ കേസുകൾ രാജ്യത്ത് റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും നിലവിലെ വിലയിരുത്തൽ അനുസരിച്ച് രോഗ സംക്രമണ സാധ്യത കുറവാണെന്നും അദ്ദേഹം അറിയിച്ചു. കുരങ്ങുപനിക്ക് കാരണമാകുന്ന അണുബാധ പൊതുവെ 2-4 ആഴ്ചകൾക്കിടയിൽ നീണ്ടുനിൽക്കുമെന്നാണ് റിപ്പോർട്ട്. WHO-യുടെ കണക്കനുസരിച്ച്, ആഗോള തലത്തിൽ ഈ വർഷം ഇതുവരെ 15,600 കേസുകളും 537 മരണങ്ങളുമാണ് റിപ്പോർട്ട് ചെയ്തത്. ഈ വർഷം ഇന്ത്യയിൽ 30 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ആഫ്രിക്കയുടെ പല ഭാഗങ്ങളിലെ

രോഗ വ്യാപനം കണക്കിലെടുത്ത് ലോകാരോഗ്യസംഘടന ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരുന്നു.

ന്യൂസ് ഡെസ് ആകാശവാണി......

&&&&&&&&&&&&&&&&&&&&&&&&

## RAKSHA BANDHAN

സഹോദര ബന്ധത്തിന്റെ മഹത്വം വിളിച്ചോതി രാജ്യത്തുടനീളം ഇന്ന് രക്ഷാബന്ധൻ ആഘോഷിക്കുന്നു. രക്ഷാബന്ധൻ ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്

ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ ആശംസകൾ നേർന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി രാഷ്ട്രപതി ഇന്ന് ന്യൂഡൽഹിയിൽ സംവദിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി ഔദ്യോഗിക വസതിയിൽ സ്കൂൾ കുട്ടികളുമൊത്ത് രക്ഷാബന്ധൻ ആഘോഷിച്ചു. ശ്രാവണ മാസത്തിലെ ശുക്ല പക്ഷത്തിലെ പൗർണമി നാളിലാണ് രക്ഷാ ബന്ധൻ ആഘോഷിക്കുന്നത്. സഹോദര ബന്ധത്തിന്റെയും സഹോദരതുല്യമായ സ്നേഹത്തിന്റെയും മഹത്വം വാഴ്ത്തുന്ന ദിവസമാണിത്.

&&&&&&&&&&&&&&&&&&&&&&&&

## ANANDA BOSE

ആരോഗ്യ പ്രവർത്തകർത്തകരുടെ സുരക്ഷയ്ക്കായി സാധ്യമായതെല്ലാം ചെയ്യുമെന്ന് പശ്ചിമ ബംഗാൾ ഗവർണർ സി. വി. ആനന്ദ ബോസ്. കൊൽക്കത്തെയിൽ വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൻറെ പശ്ചാത്തലത്തിൽ വിളിച്ചു ചേർത്ത അടിയന്തര യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. അതെസമയം, വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ സുപ്രീം കോടതി സ്വമേധയാ എടുത്ത കേസ് നാളെ പരിഗണിക്കും. സംഭവത്തിൽ പ്രതിഷേധിച്ച്

രാജ്യവ്യാപകമായി ഡോക്ടർമാരുടെ സമരം ഇന്നും തുടരുകയാണ്.

&&&&&&&&&&&&&&&&&&&&&&&&

## PADMA AWARDEE DOCTORS

കൊൽക്കത്തെയിലെ യുവ വനിത ഡോക്ടർ ബലാത്സംഗത്തിന് ഇരയായി കൊല്ലപ്പെട്ട കേസിൽ നീതി ഉറപ്പാക്കുന്നതിന് നേരിട്ട് ഇടപെടണമെന്ന് ആവശ്യപ്പെട്ട് പദ്മ പുരസ്ക്കാര ജേതാക്കളായ 70 ലധികം ഡോക്ടർമാർ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു. സമാന സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും പദ്മ പുരസ്ക്കാര ജേതാക്കൾ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&&&

## CM- BANK (INTRO)

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ കടബാധ്യത എഴുതിത്തള്ളണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിൻറെ ബാധ്യത ബാങ്കുകൾ തന്നെ വഹിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. തിരുവനന്തപുരത്ത് ബാങ്കേഴ്സ് സമിതി യോഗത്തിലാണ് മുഖ്യമന്ത്രി ഈ ആവശ്യം മുന്നോട്ടുവച്ചത്.

(ഹോൾഡ് ഫോർ ബൈറ്റ്.........)

അതെസമയം, വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ചാലിയാർ പുഴയുടെ തീരത്ത് ഇന്നും തെരച്ചിൽ തുടരും.

&&&&&&&&&&&&&&&&&&&&&&&&

## J&K - ASSEMBLY ELECTION

ജമ്മു കശ്മീരിൽ ആദ്യ ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. ആറ് ജില്ലകളിലെ 24 മണ്ഡലങ്ങളിലേക്കാണ് വോട്ടെടുപ്പ് നടക്കുന്നത്. ഈ മാസം 27 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. 28 ന് സൂക്ഷ്മ പരിശോധന നടക്കും. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഈ മാസം 30 ആണ്. സെപ്റ്റംബർ 18 നാണ് ആദ്യ ഘട്ട വോട്ടെടുപ്പ്. അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിച്ചേക്കും.

&&&&&&&&&&&&&&&&&&&&&&&&&

## PREZ - SHANKER DAYAL

മുൻ രാഷ്ട്രപതി ഡോ. ശങ്കർ ദയാൽ ശർമ്മയുടെ ജന്മവാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. രാഷ്ട്രപതിഭവനിൽ ഡോ. ശങ്കർ ദയാൽ ശർമയുടെ ഛായാചിത്രത്തിൽ ശ്രീമതി മുർമു പുഷ്പാർച്ചന നടത്തി.

&&&&&&&&&&&&&&&&&&&&&&&&&

## MOS- REVIEW

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ മാധ്യമ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ കേന്ദ്ര സഹമന്ത്രി എൽ. മുരുഗൻ വിലയിരുത്തി. ചെന്നൈയിൽ നടന്ന യോഗത്തിൽ കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിലെ പ്രാദേശിക യൂണിറ്റ് മേധാവികൾ പങ്കെടുത്തു. ആകാശവാണി, ദൂരദർശൻ, പി ഐ ബി, സി ബി സി തുടങ്ങിയവയുടെ ഓഫീസുകളിലാണ് യോഗം നടന്നത്.

&&&&&&&&&&&&&&&&&&&&&&&&&

## IMD – ORANGE ALERT

പശ്ചിമ ബംഗാൾ, നാഗാലാൻഡ്, മണിപ്പൂർ, മിസോറാം, ത്രിപുര എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ പ്രദേശങ്ങളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ബിഹാർ, ഛത്തീസ്ഗഢ്, ദക്ഷിണേന്ത്യൻ മേഖല എന്നിവിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&&&&&&&

## RAIN – KERALA

കേരളത്തിൽ അടുത്ത മൂന്ന് ദിവസം ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കേരള, കർണ്ണാടക-ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&&&&&&&

## SANSKRIT DAY

ഇന്ന് ലോക സംസ്കൃത ദിനം. സംസ്കൃത ഭാഷയെ പ്രോത്സാഹിപ്പിക്കുകയും അതിന്റെ ചരിത്രപരവും സാംസ്കാരികവും ബൗദ്ധികവുമായ മൂല്യം ഉയർത്തികാട്ടുകയും ചെയ്യുക എന്നതാണ് ദിനാചരണത്തിൻറെ ലക്ഷ്യം.

&&&&&&&&&&&&&&&&&&&&&&&&

## SHAH-DG COAST GUARD

ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഡയറക്ടർ ജനറൽ രാകേഷ് പാൽ ചെന്നൈയിൽ ഹൃദയാഘാതത്തെ തുടർന്ന് അന്തരിച്ചു.

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ നേതൃത്വത്തിൽ കോസ്റ്റ് ഗാർഡിന്റെ ചടങ്ങിൽ പങ്കെടുക്കാൻ ചെന്നൈയിലെത്തിയതായിരുന്നു അദ്ദേഹം. രാകേഷ് പാലിന്റെ നിര്യാണത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അനുശോചിച്ചു.

&&&&&&&&&&&&&&&&&&&&&&&&

## RETIRED COA - PADMANABHAN

മുൻ കരസേനാ മേധാവി ജനറൽ സുന്ദരരാജൻ പത്മനാഭൻ ചെന്നൈയിൽ അന്തരിച്ചു. 83 വയസ്സായിരുന്നു. 20-ാം മത്തെ കരസേനാ മേധാവിയായിരുന്നു. തിരുവനന്തപുരം സ്വദേശിയായ അദ്ദേഹം കരസേനയുടെ വിവിധ യൂണിറ്റുകളുടെ കമാൻഡറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&

## BADMINTON - JUNIOR CHAMPIONSHIPS

ഈ വർഷത്തെ ബാഡ്മിന്റൺ ഏഷ്യ ജൂനിയർ ചാമ്പ്യൻഷിപ്പ് നാളെ ആരംഭിക്കും. ചൈനയിലെ ചെങ്ഡുവിലാണ് മത്സരങ്ങൾ. 15, 17 വയസ്സിന് താഴെ പ്രായമുള്ളവരുടെ വിഭാഗങ്ങളിലാണ് ചാമ്പ്യൻഷിപ്പ്. ഇന്ത്യയിൽ നിന്ന് 39 കായിക താരങ്ങളാണ് ഇത്തവണ മത്സരത്തിൽ പങ്കെടുക്കുന്നത്. അടുത്തവർഷം ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നത് ഇന്ത്യയാണ്.

&&&&&&&&&&&&&&&&&&&&&&&&

## ONAM -KHADI - CM

കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഓണം ഖാദി മേളയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് വൈകുന്നേരം തിരുവനന്തപുരത്തെ അയ്യങ്കാളി ഹാളിൽ മുഖ്യമന്ത്രി

പിണറായി വിജയൻ നിർവഹിക്കും. ധനകാര്യമന്ത്രി കെ.എൻ. ബാലഗോപാൽ അധ്യക്ഷത വഹിക്കും. യോഗത്തിൽ ഖാദി ബോർഡ് വൈസ് ചെയർമാൻ പി.ജയരാജൻ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&

## JK – NH

ജമ്മു കശ്മീരിലെ ബറ്റോട്ടെ-ദോഡ-കിഷ്ത്വാർ ദേശീയ പാത, ജമ്മു-ശ്രീനഗർ ദേശീയ പാത എന്നിവിടങ്ങളിൽ കർശന സുരക്ഷാ സംവിധാനങ്ങൾ സജ്ജമായി. സാമൂഹിക വിരുദ്ധരെ നിരീക്ഷിക്കാൻ നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള മുഖം തിരിച്ചറിയൽ സംവിധാനങ്ങൾ, ഡ്രോണുകൾ, സി.സി.ടി.വി കൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&